

കവർസ്റ്റോറി

●

അൻവർ സാദാത്ത് എഴുവന്തല

# ഇസ്‌ലാമിക് മൈക്രോഫിനാൻസ്

## ദാരിദ്ര്യ നിർമാർജനത്തിലേക്ക് ഒരു രാജപാത

**കേരളത്തിൽ** നിന്നെത്തിയ ചില വിദ്യാർഥികളുമായി കഴിഞ്ഞ റമദാനിൽ ഹൈദരാബാദിനടുത്തുള്ള കരീംനഗർ എന്ന സ്ഥലത്ത് പോയിരുന്നു. കരീംനഗറിലെത്തിയ ഞങ്ങൾ പള്ളി ഇമാമിനെ ചെന്നു കണ്ടു. അദ്ദേഹം ഞങ്ങളെ ജമാഅത്ത് ഓഫീസിലേക്ക് കൊണ്ടുപോയി. ജമാഅത്തെ ഇസ്‌ലാമി ജില്ലാ നാസിമായ അബ്ദുർറഖീബ് ലത്വീഫിയെ പരിചയപ്പെട്ടു. ജില്ലാ നാസിമുമായി സംസാരിച്ചുകൊണ്ടിരിക്കെ, തൊട്ടടുത്ത് റോഡിനോട് ചേർന്ന് അലങ്കരിച്ച ഒരു മുറി ശ്രദ്ധയിൽപെട്ടു. ഇവിടെ എന്താണ് പ്രവർത്തിക്കുന്നതെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം വാചാലനായി. മുപ്പത് വർഷമായി പ്രവർത്തിക്കുന്ന പലിശരഹിത ബാങ്കാണ് അതെന്നും, പലിശരഹിത സംരംഭങ്ങൾ